4373
15/3/21

File No.FWLD-A2/32/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ഗ്രുഡ്രിക്കൽ റെയിഞ്ച് - പച്ചക്കാനം ഫോറസ്റ്റ് സ്റ്റേഷനിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിന് അച്ചടക്ക നടപടി- ശ്രീ .അരുൺലാൽ വി റ്റി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനരവലോകന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.12/2021/വനം തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1 റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 07/09/2015 ലെ ഇ1-3850/2013 നമ്പർ ഉത്തരവ്.

2 ശ്രീ.അരുൺലാൽ.വി.റ്റി. ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ 30.05.2019 ലെ റിവ്യൂ ഹർജി.

3 അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേ റ്ററുടെ 02.08.2019 ലെ ബി3-3760/2019 നമ്പർ കത്ത്.

**ഉത്തരവ്**

റാന്നി ഡിവിഷനിൽ ഗ്രുഡ്രിക്കൽ റെയിഞ്ചിൽ പച്ചക്കാനം ഫോറസ്റ്റ് സ്റ്റേഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ട് 10.02.2012 ന് ജോലിൽ പ്രവേശിച്ച ശ്രീ. അരുൺ ലാൽ വി റ്റി 23.02.2012ന് ശൂന്യവേതന അവധിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അവധി അനുവദിക്കുന്നതിന് മുൻപ ടിയാൻ തുടർച്ചയായി അവധിയിൽ പ്രവേശിച്ചു. അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിന് 1960- ലെ കേരള സിവിൽ സർവ്വീസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും)ചട്ടം 15- ൽ അനുശാസിക്കും വിധം കുറ്റപത്രം , കുറ്റാരോപണ പത്രിക എന്നിവ നൽകി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അച്ചടക്ക നടപടി ആരംഭിച്ചു.

2) ഈ വിഷയത്തിൽ നടത്തിയ ഔപചാരിക അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ച് കേവലം 12 ദിവസത്തിനു ശേഷം അവധി അപേക്ഷ സമർപ്പിക്കുകയും, അതിന്മേൽ അവധി അനുവാദ ഉത്തരവ് ലഭിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുകയും, ഒരു വർഷക്കാലത്തിലേറെക്കാലം അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്ത ടിയാന്റെ പ്രവർത്തി ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവുമാണെങ്കിലും, സർവ്വീസിലെ തുടക്കക്കാരൻ എന്ന നിലയിൽ മാനുഷിക പരിഗണന നൽകിക്കൊണ്ട് ടിയാന് കേരള സിവിൽ സർവ്വീസ് ( തരംതിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം II (1) (iii) എന്നിവ പ്രകാരം താക്കീത് നൽകിക്കൊണ്ടും, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും സെക്ഷൻ ഫോറസ്റ്റ്

ഓഫീസർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം, ആയത് അർഹമാകുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടുമുള്ള ശിക്ഷ നടപ്പിലാക്കാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു . ടി കാരണം കാണിക്കൽ നോട്ടീസ് ടിയാൻ 27.05.2015- ന് കൈപ്പറ്റി എങ്കിലും ആയതിന് മറുപടി സമർപ്പിച്ചില്ല. സർക്കാർ സർവ്വീസിൽ പ്രവേശിച്ച് നിയമനം ക്രമീകരിക്കുകയോ പ്രൊബേഷൻ പൂർത്തിയാകുകയോ ചെയ്യുന്നതിന് മുൻപ് അനധികൃതമായി ജോലിയിൽ നിന്നു വിട്ടുനിന്ന ടിയാന്റെ പ്രവൃത്തി അതീവ ഗുരുതരമായ ചട്ടലംഘനവും ഒരു വന സംരക്ഷണ ജീവനക്കാരൻ എന്ന നിലയിൽ വളരെയധികം നിരുത്തരവാദപരവുമായതിനാൽ, റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ താൽക്കാലിക തീരുമാനം പരാമർശം (1 ) പ്രകാരം സ്ഥിരപ്പെടുത്തിയിരുന്നു. കൂടാതെ ടി അന്തിമ ഉത്തരവിൽ 23.03.2012 മുതൽ 07.06.2013 വരെ ടിയാന്റെ അനധികൃത ഹാജരില്ലായ്മ നോൺ ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും, ടി കാലയളവ് അവധി കണക്കാക്കുന്നതിനും, പ്രൊബേഷൻ, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്,പെൻഷൻ മുതലായ സർവ്വീസ് ആനുകൂല്യങ്ങൾക്കും അയോഗ്യകാലയളവായിരിക്കുമെന്നും, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ അനധികൃത ഹാജരില്ലായ്മയ്ക്ക് ശേഷം ജോലിയ്ക്ക് ഹാജരായ 08.06.2013 മുതൽ പുതുതായി ആരംഭിക്കുമെന്നും വ്യക്തമാക്കിയിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ . അരുൺലാൽ . വി . റ്റി . അപ്പീൽ അധികാരിയായ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായില്ല .

3) പരാമർശം (1) പ്രകാരമുള്ള ശിക്ഷ റദ്ദാക്കണമെന്നഭ്യർത്ഥിച്ച് ശ്രീ.അരുൺലാൽ. വി.റ്റി. പരാമർശം (2) പ്രകാരം സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചിരുന്നു. ശ്രീ അരുൺലാൽ വി റ്റി സമർപ്പിച്ച പുനരവലോകന ഹർജിയും ആയതിന് പരാമർശം (3 ) പ്രകാരം സമർപ്പിച്ച അഭിപ്രായവും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു.

4) 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 2 3 പ്രകാരം ശിക്ഷ നടപ്പിലാക്കിയ അധികാരിയുടെ തൊട്ടു മുകളിലുള്ള അധികാരിക്കാണ് അപ്പീൽ നൽകേണ്ടത്. അപ്രകാരം റാന്നി ഡിവിഷണൽ ഓഫീസറുടെ ഉത്തരവിനെതിരെ അപ്പീൽ അധികാരിയായ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കാണ് അപ്പീൽ നൽകേണ്ടിയിരുന്നത്. ചട്ടം 2 5 പ്രകാരം നടപടി ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം സമർപ്പിക്കാത്തപക്ഷം അപ്പീൽ ഫയലിൽ സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള കലതാമസമസത്തിനുള്ള കാരണം ബോദ്ധ്യപ്പെടുന്ന പക്ഷം സമയപരിധിക്ക് ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്. റൂൾ 37 പ്രകാരം പുനരവലോകനത്തിനുള്ള അപേക്ഷ, ഉത്തരവു പാസ്സാക്കുന്ന തീയതി മുതൽ ഒരു മാസ കാലാവധികഴിഞ്ഞതിനു ശേഷം സ്വീകരിക്കുവാൻ പാടില്ല എന്നു മാത്രമല്ല പുനരവലോകനം ചെയ്യേണ്ട ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷം കഴിഞ്ഞാൽ യാതൊരു നടപടിയും ആരംഭിക്കുവാൻ പാടില്ല.

5) റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരാമർശം (1 ) പ്രകാരമുള്ള ഉത്തരവിനെതിരെ 30/05/2019 ലാണ് ശ്രീ അരുൺലാൽ സർക്കാരിൽ അപ്പീൽ

സമർപ്പിച്ചിരിക്കുന്നത്. അതായത് ചട്ടപ്രകാരമുള്ള രണ്ട് മാസത്തിനു പകരം നാല് വർഷം കഴിഞ്ഞാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. അതും ചട്ടം നിഷ്കർഷിക്കുന്ന അധികാരിക്കല്ല സമർപ്പിച്ചിരിക്കുന്നത്. അപ്പീൽ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കണമെന്ന് അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും കാലതാമസത്തിനുള്ള മതിയായ കാരണം വ്യക്തമാക്കിയിട്ടില്ല.

6) മേൽ സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) നിയമത്തിലെ ചട്ടം 23,37 എന്നിവ പ്രകാരം, ശ്രീ അരുൺലാൽ വി റ്റി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച റിവ്യൂ ഹർജി നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJEEVAN M K
അണ്ടർ സെക്രട്ടറി

പകർപ്പ്

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം).

ശ്രീ . അരുൺലാൽ വി റ്റി ബീറ്റ് ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ANILKUMAR O
Date: 2021 01 20 14:08:54 IST
Reason: Approved
സെക്ഷൻ ഓഫീസർ